ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:17.08.2025**

## പ്രധാനവാർത്തകൾ

1. ഇന്ത്യൻ നിർമ്മിത ഉത്പന്നങ്ങളിൽ വിശ്വാസം അർപ്പിച്ച് പ്രാദേശികതയെ പ്രോത്സാഹിപ്പിക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

2. തിരഞ്ഞെടുപ്പ് കമ്മീഷൻ ഒരിക്കലും ഭരണഘടനാ ചുമതലകളിൽ നിന്ന് പിന്മാറില്ലെന്നും, രാഷ്ട്രീയ പാർട്ടികൾക്കിടയിൽ വിവേചനം കാണിക്കില്ലെന്നും കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ.

3. ലഹരിമുക്ത കേരളത്തിനായി ഒറ്റക്കെട്ടായി പോരാടുമെന്ന് മന്ത്രി പി എ മുഹമ്മദ് റിയാസ്.

4. സംസ്ഥാനത്ത് വരും ദിവസങ്ങളിൽ കനത്തമഴയ്ക്ക് സാധ്യത, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത ; കേരള, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്ക്

5. ഡ്യൂറൻഡ് കപ്പ് ഫുട്ബോളിൽ , ജാംഷഡ്പൂർ എഫ്സിയെ പരാജയപ്പെടുത്തി ഡയമണ്ട് ഹാർബർ എഫ്സി സെമിഫൈനലിൽ പ്രവേശിച്ചു.

RNU TVPM

&&&&&&&&&&&&&&&&&&

## <u>പ്രധാനമന്ത്രി-ഡൽഹി</u>

ഇന്ത്യൻ നിർമ്മിത ഉത്പന്നങ്ങളിൽ  വിശ്വാസം അർപ്പിച്ച്, അവ വാങ്ങാനും പ്രാദേശികതയ്ക്കായുള്ള ശബ്ദത്തെ പിന്തുണയ്ക്കാനും ആഹ്വാനം ചെയ്ത് പ്രധാനമന്ത്രി നരേന്ദ്ര മോദി. ന്യൂഡൽഹിയിൽ 11,000 കോടി രൂപയുടെ ദേശീയ പാത പദ്ധതികൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പുതു തലമുറ ജിഎസ്ടി പരിഷ്കാരങ്ങൾ രാജ്യത്തുടനീളമുള്ള പൗരന്മാർക്ക് ഇരട്ടി ആനുകൂല്യങ്ങൾ നൽകുമെന്നും പ്രധാനമന്ത്രി പറഞ്ഞു. ജനങ്ങളുടെ ജീവിതം സുഗമമാക്കുക എന്ന നയമാണ് എല്ലാ തീരുമാനങ്ങളും കൈക്കൊള്ളുന്നതിന്റേയും അടിസ്ഥാനമെന്നും അദ്ദേഹം വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## <u>കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ (ഇൻട്രോ)</u>

RNUTVPM

തിരഞ്ഞെടുപ്പ് കമ്മീഷൻ ഒരിക്കലും ഭരണഘടനാ ചുമതലകളിൽ നിന്ന് പിന്മാറില്ലെന്നും, എല്ലാ രാഷ്ട്രീയ  പാർട്ടികളും തങ്ങൾക്ക് മുന്നിൽ തുല്യരാണെന്നും കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. ന്യൂഡൽഹിയിൽ മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ വാർത്താ സമ്മേളനത്തിലാണ് ഇക്കാര്യം വ്യക്തമാക്കിയത്.  എല്ലാ വിഭാഗങ്ങളിലെയും വോട്ടർമാർക്കൊപ്പം തിരഞ്ഞെടുപ്പ് കമ്മീഷൻ നിർഭയമായി നിൽക്കുമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ പറഞ്ഞു. ലോക്സഭാ തിരഞ്ഞെടുപ്പ് നടപടികളിൽ ഒരു കോടിയിലേറെ ജീവനക്കാർ, പത്തു ലക്ഷത്തിലേറെ ബൂത്ത് തല ഏജൻറുമാർ , 20 ലക്ഷത്തിലേറെ പോളിംഗ് ഏജൻറുമാർ എന്നിവർ അധ്വാനിക്കുന്നതായും അദ്ദേഹം പറഞ്ഞു. ഇത്രയധികം ആളുകളുടെ കൺമുൻപിൽ വച്ച് ആർക്കെങ്കിലും വോട്ട് മോഷണം നടത്താനാകുമോ എന്നും കമ്മീഷൻ  ചോദിച്ചു.

(ബൈറ്റ്)

&&&&&&&&&&&&&&&&&&

## രാഹുൽഗാന്ധി

വോട്ടർ പട്ടിക പരിഷ്ക്കരണത്തിന്റെ മറവിൽ, ബീഹാർ നിയമസഭാ തിരഞ്ഞെടുപ്പിന് മുന്നോടിയായി നിലവിലെ വോട്ടർമാരെ ഒഴിവാക്കാനും, പുതിയ വോട്ടർമാരെ ഉൾപ്പെടുത്താനും ശ്രമം നടക്കുന്നു എന്ന് ആരോപിച്ച് ലോക്സഭ പ്രതിപക്ഷ നേതാവ് രാഹുൽഗാന്ധി. വോട്ടർ അവകാശ റാലിക്ക് മുന്നോടിയായി ബിഹാറിലെ സസറാമിൽ ജനങ്ങളെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. രാജ്യത്തെ ജനങ്ങളുടെ സമ്മതിദാന അവകാശം മോഷ്ടിക്കപ്പെടാൻ അനുവദിക്കില്ലെന്നും അദ്ദേഹം പറഞ്ഞു. മഹാരാഷ്ട്ര, കർണാടകം സംസ്ഥാനങ്ങളിലെ വോട്ട് ക്രമക്കേടുകൾ തൻ്റെ പാർട്ടി നേരത്തെ പുറത്തുകൊണ്ടുവന്നതായും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&

## മുഖ്യമന്ത്രി -കർഷക ദിനം

കാർഷിക മേഖലയിൽ സ്വായം പര്യാപ്തത കൈവരിക്കാനുള്ള പ്രവർത്തനങ്ങളാണ് സർക്കാർ നടത്തിവരുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കർഷകരുടെ വരുമാനത്തിൽ വർദ്ധന ഉണ്ടാക്കുന്നതിനുള്ള നടപടികളുമായാണ് മുന്നോട്ട് പോകുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു. തൃശ്ശൂരിൽ നടന്ന സംസ്ഥാനതല കർഷക ദിനാഘോഷവും കർഷക പുരസ്കാര വിതരണവും ഓൺലൈനായി നിർവഹിക്കുകയായിരുന്നു മുഖ്യമന്ത്രി. ഉത്പാദന, വിപണന, മൂല്യവർദ്ധിത മേഖലയിൽ ഒരു പോലെ സർക്കാർ ഇടപെടുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&

## കളമശ്ശേരി : മന്ത്രി പി രാജീവ്

വ്യവസായ തലസ്ഥാനമായി അറിയപ്പെടുന്ന കളമശ്ശേരിക്ക് കാർഷിക രംഗത്തും പുരോഗതി കൈവരിക്കാൻ സാധിച്ചതായി മന്ത്രി പി രാജീവ്. കങ്ങരപ്പടി S N D P സ്കൂളിൽ കളമശ്ശേരി നഗരസഭയുടെ കർഷക ദിനാഘോഷം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. "കൃഷിയ്ക്ക് ഒപ്പം കളമശ്ശേരി പദ്ധതി" യുടെ ഭാഗമായി, കർഷകരിൽ നിന്നും ശേഖരിക്കുന്ന

PNU TVPM

ഉത്പനങ്ങൾ വിപണനം ചെയുന്നതിനായി ഫാം ടു പ്ലേറ്റ് സംവിധാനം ഈ മാസം മുതൽ നടപ്പിലാക്കുമെന്നും മന്ത്രി അറിയിച്ചു.

&&&&&&&&&&&&&&&&&&

<u>മുഹമ്മദ് റിയാസ്</u>

ലഹരിമുക്ത കേരളത്തിനായി ഒറ്റക്കെട്ടായി പോരാടുമെന്ന് മന്ത്രി പി എ മുഹമ്മദ് റിയാസ്. തീരദേശ മേഖലയിലെ യുവതി യുവാക്കൾക്കുള്ള സൗജന്യ പി എസ് സി പരിശീലന പദ്ധതിയുടെ കോഴിക്കോട് ജില്ലാതല ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി. ദിശാബോധമുള്ള യുവജനങ്ങളെ വളർത്തിയെടുക്കുന്നതിലൂടെ ലഹരി ഉപയോഗത്തെ പൂർണ്ണമായി തുടച്ചുനീക്കാൻ സാധിക്കുമെന്നും മന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

<u>കെഎൻ ബാലഗോപാൽ- കൃഷി</u>

പുതിയ കൃഷി രീതികൾ നടപ്പാക്കുന്നതിനോടൊപ്പം മൂല്യവർധിത കാർഷിക ഉൽപാദനത്തിനും വിപണനത്തിനും പ്രാധാന്യം നൽകണമെന്ന് ധനമന്ത്രി കെ എൻ ബാലഗോപാൽ. മൂല്യവർധിത ഉത്പന്നങ്ങൾക്ക് വലിയ വിപണി സാധ്യതയുണ്ടെന്നും ഈ മേഖലയിലെ യുവാക്കളുടെ പല സംരംഭങ്ങളും മികച്ച പ്രവർത്തനമാണ് കാഴ്ചവയ്ക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ വിവിധ കൃഷിഭവനുകൾ സംഘടിപ്പിച്ച കർഷകദിനാചരണം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. സംസ്ഥാനത്ത് നെല്ല് ഉൾപ്പെടെ, എല്ലാ കാർഷിക ഉൽപ്പന്നങ്ങൾക്കും മതിയായ വില നൽകാൻ സർക്കാർ ഇടപെടൽ നടത്തുന്നുണ്ടെന്നും ശ്രീ കെ എൻ ബാലഗോപാൽ വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

<u>ശബരി ബ്രാൻഡ്</u>

സപ്ലൈകോ, ശബരി ബ്രാൻഡിൽ അഞ്ചു പുതിയ ഉത്പന്നങ്ങൾ പുറത്തിറക്കും. മറ്റെന്നാൾ രാവിലെ എറണാകുളം ബോൾഗാട്ടി

PRD TVPM

പാലസിൽ നടക്കുന്ന ചടങ്ങിൽ മന്ത്രി ജി ആർ അനിൽ ഉദ്ഘാടനം ചെയ്യും.

&&&&&&&&&&&&&&&&&&

<u>ഭക്ഷ്യമന്ത്രി- ഫോൺ ഇൻ പ്രോഗ്രാം</u>

സംസ്ഥാന ഭക്ഷ്യ-പൊതുവിതരണ മന്ത്രി ജി. ആർ. അനിലിൻറെ ഫോൺ ഇൻ പ്രോഗ്രാം നാളെ. പൊതുജനങ്ങൾക്ക് മന്ത്രിയുമായി നാളെ ഉച്ചയ്ക്ക് 2 മുതൽ 3 വരെ സംസാരിക്കാം. ഭക്ഷ്യ, പൊതുവിതരണ, ലീഗൽ മെട്രോളജി വകുപ്പുകളിലെയും സപ്ലൈകോയിലേയും വിഷയങ്ങൾ സംബന്ധിച്ച പരാതികളും നിർദ്ദേശങ്ങളും അറിയിക്കാവും. വിളിക്കേണ്ട നമ്പർ: 89 43 87 30 68

&&&&&&&&&&&&&&&&&&

<u>മത്സ്യത്തൊഴിലാളികളുടെ സുരക്ഷ (ഇൻട്രോ)</u>

മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി ഉൾക്കടലിലും കാലതാമസമില്ലാതെ ആശയവിനിമയം സാധ്യമാക്കുന്ന ട്രാൻസ്പോണ്ടറുകൾ മത്സ്യബന്ധനയാനങ്ങളിൽ ഘടിപ്പിക്കുന്ന നടപടികൾ സംസ്ഥാനത്ത് പുരോഗമിക്കുന്നു.

**വിശദാംശങ്ങളുമായി ആകാശവാണി കൊല്ലം ജില്ലാ പ്രതിനിധി നീരജ് ലാൽ.... (വോയിസ്)**

RNU TVPM

&&&&&&&&&&&&&&&&&&

<u>മഴ</u>

സംസ്ഥാനത്ത് വരുംദിവസങ്ങളിൽ അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്രകാലാവസ്ഥ വകുപ്പ്. വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയും എറണാകുളം മുതൽ കോഴിക്കോട് വരെയുള്ള ജില്ലകളിൽ മഞ്ഞ ജാഗ്രതയുംപ്രഖ്യാപിച്ചിട്ടുണ്ട്. നാളെ കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഓറഞ്ച് ജാഗ്രതയാണ്. കേരള- കർണ്ണാടകം- ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

&&&&&&&&&&&&&&&&&&

## <u>ബാണാസുര സാഗർ ഡാം</u>

വൃഷ്ടി പ്രദേശങ്ങളിൽ മഴ തുടരുന്നതിനാൽ വയനാട്ടിലെ ബാണാസുര സാഗർ അണക്കെട്ട് തുറന്നു. സ്പിൽവേ ഷട്ടറുകൾ 20 സെന്റീ മീറ്ററായി ഉയർത്തിയിട്ടുണ്ട്. കരമാൻ തോട്, പനമരം പുഴയോരങ്ങളിലും താഴ്ന്ന പ്രദേശങ്ങളിലും താമസിക്കുന്നവർ ജാഗ്രത പാലിക്കണമെന്ന് ജില്ലാ ഭരണകൂടം മുന്നറിയിപ്പ് നൽകി.

&&&&&&&&&&&&&&&&&&

## <u>ശബരിമല</u>

പ്രതികൂല കാലാവസ്ഥയിലും ശബരിമലയിൽ വൻ ഭക്തജനത്തിരക്ക്. സന്നിധാനത്തെ കീഴ്ശാന്തി, പമ്പയിലെ മേൽശാന്തിമാർ എന്നിവരെ നറുക്കെടുപ്പിലൂടെ തിരഞ്ഞെടുത്തു. പമ്പയിൽ ജലനിരപ്പ് ഉയർന്നതിനാലും മഴ മുന്നറിയിപ്പ് തുടരുന്നതിനാലും തീർഥാടകർക്ക് പമ്പാനദിയിൽ ഇറങ്ങുന്നതിനും സ്നാനത്തിനും വിലക്കുണ്ട്. കക്കി ആനത്തോട്,മൂഴിയാർ എന്നീ ഡാമുകൾ തുറന്നിരിക്കുന്ന സാഹചര്യത്തിൽ തീർഥാടകർ ഉൾപ്പെടെയുള്ളവർ ജാഗ്രത പാലിക്കണം.

RNU TVPM

&&&&&&&&&&&&&&&&&&

## <u>കോഴിക്കോട് തുരങ്കപാത (ഇൻട്രോ)</u>

കോഴിക്കോട്, വയനാട് ജില്ലകളെ ബന്ധിപ്പിച്ച് നിർമിക്കുന്ന ആനക്കാംപൊയിൽ - മേപ്പാടി തുരങ്കപാത പ്രവൃത്തി ഉദ്ഘാടനം ഈ മാസം 31 ന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. താമരശേരി ചുരം റോഡിലെ യാത്രാക്ലേശത്തിന് പരിഹാരമായാണ് തുരങ്കപാത നിർമ്മിക്കുന്നത്..

**വിശദാംശങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു.......................**

&&&&&&&&&&&&&&&&&&

## ഡ്യൂറണ്ട് കപ്പ് ഫുട്ബോൾ

ഡ്യൂറൻഡ് കപ്പ് ഫുട്ബോളിൽ, ഡയമണ്ട് ഹാർബർ എഫ്സി സെമിഫൈനലിൽ പ്രവേശിച്ചു. ക്വാർട്ടർ ഫൈനൽ മത്സരത്തിൽ ജാംഷഡ്പൂർ എഫ്സിയെ 2-0 ന് പരാജയപ്പെടുത്തിയാണ് സെമി പ്രവേശം. ഇന്ന് നടക്കുന്ന മറ്റൊരു ക്വാർട്ടർ ഫൈനലിൽ മോഹൻ ബഗാൻ സൂപ്പർ ജയന്റ്- ഈസ്റ്റ് ബംഗാളിനെ നേരിടും. കൊൽക്കത്തയിൽ രാത്രി 7:00 മണിക്കാണ് മത്സരം.

&&&&&&&&&&&&&&&&&&

## കോഴിക്കോട്- മസ്തിഷ്കജ്വരം

കോഴിക്കോട് താമരശ്ശേരിയിൽ പനി ബാധിച്ച് മരിച്ച വിദ്യാർഥിനിക്ക് അമീബിക് മസ്തിഷ്ക ജ്വരം സ്ഥിരികരിച്ച സാഹചര്യത്തിൽ പ്രദേശത്ത് ആരോഗ്യ പ്രവർത്തകർ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജിതമാക്കി. പ്രദേശത്തെ ജലസ്രോതസുകളിൽ നിന്നും പരിശോധക്കായി സാമ്പിളുകൾ ശേഖരിച്ചിട്ടുണ്ട്. നിലവിൽ ഒരു കുട്ടി ഉൾപ്പെടെ രണ്ടു പേരാണ് ചികിത്സയിലുള്ളത്.

&&&&&&&&&&&&&&&&&&

## സർവേ- മുഖ്യമന്ത്രി

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിന്റെ സർവേകളുടെ ഉദ്ഘാടനം ഈ മാസം 25 ന് മുഖ്യമന്ത്രി നിർവഹിക്കും. തിരുവനന്തപുരം തൈക്കാടുള്ള സർക്കാർ അതിഥി മന്ദിരത്തിൽ ആണ് പരിപാടി..

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

RNU TVPM